# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –5262    31.10.2016- ൽ  മറുപടിയ്ക്ക്

## പ്രവാസി ക്ഷേമനിധി ഓഫീസ്

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
|---|---|---|
| എ) | ജില്ലാ കേന്ദ്രങ്ങളിൽ പ്രവാസി ക്ഷേമനിധി ഓഫീസ് ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | എ) ജില്ലാ കേന്ദ്രങ്ങളിൽ പ്രവാസി ക്ഷേമനിധി ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. തിരുവനന്തപുരത്ത് ഹെഡ് ഓഫീസും എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ഓഫീസുകളും മലപ്പുറത്ത് കോട്ടയ്ക്കലിൽ ലെയ്സൺ ഓഫീസും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടേറ്റുകളിൽ പ്രവർത്തിച്ചുവരുന്ന നോർക്ക സെല്ലുകൾ വഴി പ്രവാസി ക്ഷേമനിധി ഫോറങ്ങളും മറ്റും വിതരണം ചെയ്തുവരുന്നുണ്ട്. |
| ബി) | സാന്ത്വനം പദ്ധതി തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിത സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ? | ബി) സാന്ത്വന പദ്ധതിയിലേയ്ക്ക് ലഭിയ്ക്കുന്ന അപേക്ഷകളിന്മേൽ അതാത് റീജിയണൽ/ജില്ലാ ഓഫീസുകൾ അന്വേഷണം നടത്തി റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഹെഡ് ഓഫീസ് വഴി സർക്കാരിൽ ലഭ്യമാക്കുന്നു. സർക്കാർ ഇത് പരിശോധിച്ച് അർഹതയുള്ളവർക്ക് ധനസഹായം അനുവദിയ്ക്കുകയും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിതരണം ചെയ്തും വരുന്നു. |

ധനസഹായം അനുവദിക്കപ്പെടുന്ന
വരുടെ എണ്ണത്തിലും തുകയിലും വലിയ
വർദ്ധനവ് ഉണ്ടായതിനാൽ ബഡ്ജറ്റ്
വിഹിതത്തെക്കാൾ കൂടുതൽ തുക
ആവശ്യമായി വരുന്നുണ്ട്. ഇതിലുള്ള
കാലതാമസം പരമാവധി ഒഴിവാക്കാൻ
സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**